# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.120/PR/PIC/PHQ/18 Date : 12.05.2018

---

## എസ് എസ് എൽ സി പരീക്ഷാഫലം : പഠന മികവിലും എസ് പി സി കുട്ടികൾ മുന്നിലെന്ന് വിലയിരുത്തൽ

വിദ്യാർത്ഥികളുടെ പാഠ്യേതരശേഷികൾ വികസിപ്പിക്കുന്നതിന് മാത്രമല്ല പഠന മികവ് വർദ്ധിപ്പിക്കുന്നതിനും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സഹായിക്കുന്നുവെന്ന് വിലയിരുത്തൽ. ഇക്കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷാവലോകനമാണ് ഇക്കാര്യത്തിലും എസ് പി സി പി പദ്ധതി മുന്നിലാണെന്ന് വെളിപ്പെടുത്തുന്നത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ള സ്കൂളിൽ നിന്നും ഈ അധ്യയനവർഷം പരീക്ഷ എഴുതിയ 97680 വിദ്യാർത്ഥികളിൽ 16422 പേർ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായിരുന്നു. അതിൽ 3306 പേർ എല്ലാ വിഷയങ്ങളിലും 1322 പേർ ഒൻപത് വിഷയങ്ങളിലും 1273 പേർ എട്ട് വിഷയങ്ങളിലും എ പ്ലസ് നേടി. ഈ വിദ്യാലയങ്ങളിൽ ആകെ പരീക്ഷ എഴുതിയതിൽ ഏറെ വിഷയങ്ങളിലും എ പ്ലസ് നേടിയത് 7% മാത്രമുള്ളപ്പോൾ എസ് പി സി കുട്ടികൾ 21 % ന് മുഴുവൻ എ പ്ലസും നേടാനായി. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 25 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ 928 വിദ്യാർത്ഥികളിൽ നിന്നായി 867 കേഡറ്റുകൾ എസ് എസ് എൽ സി പരീക്ഷ എഴുതി. ഇതിൽ 37 വിദ്യാർത്ഥികൾക്ക് മുഴുവൻ എ പ്ലസും 44 പേർക്ക് ഒൻപത് എ പ്ലസും 32 പേർക്ക് 8 എ പ്ലസും നേടി. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും വിജയിച്ചു.

പാഠ്യേതര പ്രവർത്തനങ്ങൾക്കായി 500 മണിക്കൂറുകൾ എസ് പി സി കുട്ടികൾ ചിലവിടുന്നുണ്ട്. പരേഡ്, യോഗ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രോജക്റ്റുകൾ , ഫീൽഡ് സന്ദർശനങ്ങൾ, സ്കൂൾ,ജില്ല, സംസ്ഥാന സഹവാസ ക്യാമ്പുകൾ, പ്രമുഖ വ്യക്തികളുമായിട്ടുള്ള ആശയവിനിമയം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഈ സമയം വിനിയോഗിക്കുന്നത്. ഇത്രയും സമയം പാഠ്യേതര

വിഷയങ്ങൾക്കായി ചെലവഴിക്കുന്നത്  പഠന മികവിനെ പ്രതികൂലമായി ബാധിക്കുമെന്ന് ചിലർ അഭിപ്രായപ്പെട്ടിരുന്നു. അത് മിഥ്യാധാരണയാണെന്ന്  ഈ പരീക്ഷാഫലം വ്യക്തമാക്കുന്നുവെന്ന് ഐ ജി  പി.വിജയൻ പറഞ്ഞു.

കുട്ടികളുടെ പഠനമികവ് ഉൾപ്പെടെ സമഗ്രമായ വ്യക്തിത്വ വികസനം ഉറപ്പാക്കുന്നതിന് എസ് പി സി പദ്ധതി ഏറെ സഹായകമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്കൂളുകളിൽ ഇത് നടപ്പാക്കുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു.

********************